## 29.05.2019 -ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ ഇരുപതാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 4 മണിക്ക് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗം ശ്രീ.സി.പി.നായർ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

പല കാരണങ്ങളാലും മൂന്നു മാസത്തിന് ശേഷമാണ് കമ്മീഷൻ യോഗം ചേരുന്നതെന്നും സേവനപ്രദാനവുമായി ബന്ധപ്പെട്ട് നടത്താനിരിക്കുന്ന പബ്ലിക് ഹിയറിംഗും അല്പം നീണ്ടു പോയെന്നും അനുയോജ്യമായ ഒരു തീയതി ഈ യോഗത്തിൽ തീരുമാനിക്കാവുന്നതാണെന്നും ബഹു. ചെയർമാൻ ആമുഖമായി പറഞ്ഞു. സെക്രട്ടേറിയറ്റ് നവീകരണവുമായി ബന്ധപ്പെട്ട സെമിനാർ നല്ല രീതിയിൽ നടത്താനും അതിന്റെ സംഗ്രഹം തയ്യാറാക്കാനും കഴിഞ്ഞിട്ടുണ്ടെന്നും വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള രണ്ടാംഘട്ട പഠനത്തിൽ ഇത്രയേറെ വകുപ്പുകളെ ഉൾപ്പെടുത്തേണ്ടതുണ്ടോയെന്ന കാര്യവും ഈ പഠനത്തിൽ ഉൾപ്പെടുത്തേണ്ട മറ്റു കാര്യങ്ങളെ കുറിച്ചും തീരുമാനമെടുക്കേണ്ടതുണ്ടെന്നും പരിസ്ഥിതിയും വികസനവും സംബന്ധിച്ച് കുട്ടനാട്ടിൽ നടത്താൻ നിശ്ചയിച്ച സെമിനാർ വൈകാതെ നടത്താൻ കഴിയണം എന്നും അദ്ദേഹം നിർദ്ദേശിച്ചു. പാർശ്വവൽകൃത സമൂഹങ്ങളെ സംബന്ധിച്ച പഠനം , പഠനപങ്കാളികളെ കൂടാതെ തന്നെ നടത്താൻ കഴിയുമോയെന്നതിന്റെ സാധ്യതകൾ ചർച്ച ചെയ്യണമെന്നും വിവിധ ഏജൻസികളുമായി സഹകരിച്ച് നടക്കുന്ന പഠനങ്ങളുടെ കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്താൻ മടിക്കേണ്ടതില്ലെന്നും ഇനിയുള്ള ദിവസങ്ങൾ കമ്മീഷനെ സംബന്ധിച്ചിടത്തോളം തിരക്കേറിയതായിരിക്കും എന്നുള്ള കാര്യത്തിൽ സംശയമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**യോഗതീരുമാനങ്ങൾ**

| ക്രമ നമ്പർ | വിഷയം | തീരുമാനങ്ങൾ |
|---|---|---|
| 1 | 12.02.2019 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പത്തൊമ്പതാമത് യോഗം-മിനിട്സ് അംഗീകരിക്കൽ | മിനിട്സ് അംഗീകരിച്ചു. |
| 2 | 12.02.2019 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പത്തൊമ്പതാമത് യോഗത്തിലെ തീരുമാനങ്ങൾ -നടപടി റിപ്പോർട്ട് | നടപടി റിപ്പോർട്ട് അംഗീകരിച്ചു. |
| 3 | ജനകേന്ദ്രിത സേവനപ്രദാനം- പത്തനംതിട്ട ജില്ലയിലെ പബ്ലിക് ഹിയറിംഗിന് തീയതി നിശ്ചയിക്കുന്ന കാര്യം | പത്തനംതിട്ടയിലെ പബ്ലിക് ഹിയറിംഗിനുള്ള തീയതി തീരുമാനിക്കുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. ചെയർമാന് ചംക്രമണം ചെയ്യണം. തൃശ്ശൂർ, കോട്ടയം ജില്ലകളിൽ |

| | | |
|---|---|---|
| | | കൂടി ഈ വിഷയത്തിൽ പബ്ലിക് ഹിയറിംഗ് നടത്തുന്ന കാര്യവും യോഗത്തിൽ ഉയർന്നു വരുകയും അക്കാര്യം പിന്നീട് പരിഗണിക്കാമെന്നും തീരുമാനിച്ചു. |
| 4 (i) | വിവിധ പഠനപ്രവർത്തനങ്ങളുടെ പ്രവർത്തന പുരോഗതി- ജനകേന്ദ്രിത സേവനപ്രദാനം (രണ്ടാം ഘട്ട പഠനം ) - CSES ന്റെ പ്രൊപ്പോസലും അധിക തുക ആവശ്യപ്പെടുന്നതും സംബന്ധിച്ച് | ജനകേന്ദ്രിത സേവനപ്രദാനം (രണ്ടാം ഘട്ടപഠനം) ജി.എസ്.ടി ഉൾപ്പെടെ 20,01,280/- രൂപയാണ് സി.എസ്.ഇ.എസ് ആവശ്യപ്പെട്ടിട്ടുള്ളത്. ടി തുക ചെലവഴിക്കേണ്ട 2052-00-092-81-28 തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള 12,00,000/-രൂപ ( പന്ത്രണ്ട് ലക്ഷം രൂപ മാത്രം) അപര്യാപ്തമായതിനാൽ അധികം തുക അനുവദിക്കുന്നതിനും സി.എസ്.ഇ.എസ് ന്റെ പ്രൊപ്പോസൽ അംഗീകരിക്കുന്നതിനുമായി സർക്കാരിനോട് അഭ്യർത്ഥിച്ച നടപടി കമ്മീഷൻ സാധൂകരിച്ചു. |
| -------- | ---------------------------------- | ------------------------------------------------------ |
| 4 (ii) | സുസ്ഥിര വികസനം- ഭരണപരമായ പ്രശ്നങ്ങൾ സംബന്ധിച്ച പഠനം- കുട്ടനാട്ടിൽ സെമിനാർ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് | 'കുട്ടനാട് -പരിസ്ഥിതിയും വികസനവും നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയം സംബന്ധിച്ച് ജൂൺ മാസത്തിൽ കുട്ടനാട്ടിൽ വച്ച് ഒരു സെമിനാർ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. സെമിനാറിന്റെ തീയതി നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ ബഹു. ചെയർമാന് ചംക്രമണം ചെയ്യണം. |
| -------- | ---------------------------------- | ------------------------------------------------------ |
| 4 (v) | പാർശ്വവൽകൃതസമൂഹം മുഖ്യധാരയിലേക്ക് (രണ്ടാംഘട്ടം) എന്ന പഠനത്തെ സഹായിക്കുന്നതിനായി പാർട്ണർ ഇൻസ്റ്റിറ്റ്യൂഷൻ ആവശ്യമുണ്ടോയെന്ന കാര്യം | ഇക്കാര്യത്തിൽ പഠനപങ്കാളികളെ കൂടാതെ തന്നെ മുന്നോട്ടു പോകുന്നതിന് ശ്രമം നടത്തണം. |
| -------- | ---------------------------------- | ------------------------------------------------------ |
| 4 (vi) | അടിസ്ഥാന സൗകര്യങ്ങൾ -വികസനവും അനുരക്ഷണവും സംബന്ധിച്ച പഠനം- സഹായ ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം | NATPAC, COSTFORD, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ( ULCCS) എന്നീ മൂന്ന് സ്ഥാപനങ്ങളുടെ കൂട്ടായ്മ ഈ പഠനപ്രവർത്തനത്തെ സഹായിക്കാമെന്ന് സമ്മതിച്ച കാര്യം കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യം കമ്മീഷൻ അംഗീകരിച്ചു. |
| -------- | ---------------------------------- | ------------------------------------------------------ |
| 4 (ix) | ധനകാര്യവും ആസൂത്രണവും സംബന്ധിച്ച പഠനം- സംബന്ധിച്ച് | ഈ പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിന് CDS, GIFT തുടങ്ങിയ സ്ഥാപനങ്ങളുടെ സാധ്യത ആരായാൻ തീരുമാനിച്ചു. |
| 5 | കമ്മീഷന്റെ നാളിതുവരെയുള്ള വരവ് ചെലവ് സ്റ്റേറ്റ്മെന്റ് - സംബന്ധിച്ച് | 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ കമ്മീഷന്റെ വരവ് ചെലവ് കണക്കുകൾ കമ്മീഷൻ അംഗീകരിച്ചു. |

| | | |
|---|---|---|
| 6 | പുതുതായി ഏറ്റെടുക്കേണ്ട പഠന മേഖലകൾ സംബന്ധിച്ച് | 'അഴിമതി- നിദാനവും പരിഹാരവും' എന്ന വിഷയത്തിൽ കൂടി പഠനം നടത്തുന്നതിന്റെ സാധ്യത പരിശോധിക്കും. |
| 8 | ജനകേന്ദ്രിത സേവനപ്രദാനം- അഖിലേന്ത്യാ സെമിനാർ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് | സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഇ-ഗവേണൻസിനെ എങ്ങനെ സമീപിക്കാം എന്നത് സംബന്ധിച്ച് ഒരു അഖിലേന്ത്യാ സെമിനാർ കേന്ദ്ര പഴ്സണൽ മന്ത്രാലയത്തിലെ DARPG യുടെ സാമ്പത്തിക പിന്തുണയോടെ സംഘടിപ്പിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി. ഈ സെമിനാർ സെപ്റ്റംബർ മൂന്നാം വാരമോ നാലാം വാരമോ സംഘടിപ്പിക്കാവുന്നതാണ്. |

കമ്മീഷന്റെ അടുത്ത യോഗം ജൂൺ 22 ന് വൈകുന്നേരം 4 മണിക്ക് ചേരുന്നതിന് തീരുമാനിച്ചു.

യോഗം 4.45 മണിക്ക് അവസാനിച്ചു.

------------------------